(ഡി) ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വിലനിർണ്ണയം പൂർത്തീകരിച്ച ഭൂമി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 53.27 ഏക്കർ ഭൂമി വാങ്ങിയതിൽ 15.7 ഏക്കർ ഭൂമി 108 പേർക്ക് വിതരണം ചെയ്തു. ശേഷിക്കുന്ന 37.57 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 19.96 ഏക്കർ ഭൂമി കൂടി വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**ലൈഫ് ഭവന പദ്ധതി**

9 (754) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിലേക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്ന് നാളിതുവരെ എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ എത്ര കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ട്, വിശദമാക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

**ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ എന്നിവരെ സംബന്ധിച്ച കണക്കുകൾ**

10(755) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ എന്നിവരെ സംബന്ധിച്ച കണക്കുകൾ പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയ ഭവനത്തിനായി ടി വിഭാഗത്തിൽപ്പെട്ടവരിൽനിന്നും എത്ര അപേക്ഷകൾ ലഭ്യമായെന്നും ഇതിൽ എത്രപേർക്ക് ധനസഹായം നൽകിയെന്നും അറിയിക്കുമോ; ഇത് സംബന്ധിച്ച കണക്കുകൾ നൽകാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പുതിയ ഭവനം നൽകാനും വീടുകൾക്ക് അറ്റകുറ്റപണികൾ നടത്തുന്നതിനും ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

(ബി&സി) ലൈഫ് മിഷൻ മുഖാന്തരം പഞ്ചായത്ത് മുൻസിപ്പൽ തലത്തിലാണ് നിലവിൽ ഭവന പദ്ധതി നടപ്പിലാക്കുന്നത്. നിർമ്മാണം കഴിഞ്ഞ് 6 വർഷം കഴിഞ്ഞ ഭവനങ്ങളുടെ പുനരുദ്ധാരണത്തിനായി 1.50 ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ചുവരുന്നു. വീടുകളുടെ അറ്റകുറ്റപണിക്കായി ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിൽ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നില്ല.

### പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾക്കായി അനുവദിച്ച തുക

11(756) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾക്കായി ലൈഫ് മിഷന് കീഴിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ട്; അനുവദിച്ച തുകയിൽ ചെലവായ തുകയുടെ വർഷം തിരിച്ചുള്ള വിവരം വ്യക്തമാക്കാമോ?

2019-20 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷന് തുക അനുവദിച്ചിരുന്നില്ല. 2020-21 സാമ്പത്തിക വർഷത്തിൽ 245 കോടി രൂപ അനുവദിച്ചിരുന്നു. അതിൽ നിന്നും 18.11 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

### വർക്കല മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗക്കാരുടെ എണ്ണം

12 (757) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവന രഹിതരായ എത്ര കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; ആയതിൽ ഭൂരഹിതർ എത്രയെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത ഭൂരഹിതരായിട്ടുള്ളവരിലും ഭവനരഹിതരായിട്ടുള്ളവരിലും എത്ര പേർ 'ലൈഫ് മിഷൻ' പദ്ധതിയിലെ മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്..

LIBRARY ARCHIVES Kerala Legislative Assembly